**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1945** **03-03-2025 - ൽ മറുപടിയ്ക്ക്**

**എൻ.സി.സി. ദേശീയ പരിശീലന കേന്ദ്രത്തിന്റേയും ഹെലിപ്പാഡിന്റേയും നിർമ്മാണപുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വാമനപുരം മണ്ഡലത്തിലെ കല്ലറയിൽ പുതുതായി നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന എൻ.സി.സി.യുടെ ദേശീയ പരിശീലന കേന്ദ്രത്തിന്റേയും ഹെലിപ്പാഡിന്റേയും നിലവിലെ നിർമ്മാണപുരോഗതി വിശദമാക്കാമോ; | (എ) | 8.55 ഏക്കർ സ്ഥലത്ത് സ്ഥാപിക്കുന്ന എൻ.സി.സി ദേശീയ പരിശീലന കേന്ദ്രത്തിന്റെയും ഹെലിപ്പാഡിന്റേയും ഒന്നാംഘട്ട നിർമ്മാണ പ്രവൃത്തികളുടെ 75% പൂർത്തിയായിട്ടുണ്ട്. ഒന്നാംഘട്ട പ്രവൃത്തിയിൽ പരേഡ് ഗ്രൗണ്ട്, ഹെലിപ്പാഡ്, ഗാലറി, മെയിൻ ഗേറ്റ് എന്നിവയുടെ നിർമ്മാണമാണ് നടക്കുന്നത്. ഹെലിപ്പാഡ്/ പരേഡ് ഗ്രൗണ്ടിന്റെ 'Earth Filling' പൂർത്തിയായി. ഗാലറിയുടെയും Retaining Wall-ന്റെയും നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. മെയിൻ ഗേറ്റിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു. നിലവിൽ 75% പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്കായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും എന്തെല്ലാം പ്രവർത്തികളാണ് രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നും വിശദമാക്കാമോ; | (ബി) | രണ്ടാംഘട്ട നിർമ്മാണ പ്രവൃത്തിയ്ക്കായി 400 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ക്യാമ്പ് ഓഫീസ്, ക്യാമ്പ് കമാണ്ടന്റ് ഓഫീസ് കം റസിഡൻസ്, ഡെപ്യൂട്ടി കമാണ്ടന്റ് ഓഫീസ് കം റസിഡൻസ്, പി.ഐ. സ്റ്റാഫ്, എ.എൻ.ഒ ഓഫീസ്, Kote റൂം, ഗാർഡ് റൂം, സിവിൽ സ്റ്റാഫ് & ഓഫീസേഴ്സ് ഡൈനിംഗ് ഹാൾ, സ്റ്റോർ റൂം, കിച്ചൺ സ്റ്റാഫ് ഡോർമെറ്ററി, കിച്ചൺ, ഇന്റേണൽ റോഡ്, കൂടാതെ പരേഡ് ഗ്രൗണ്ടിന്റെ ഫിനിഷിംഗ് ജോലി തുടങ്ങിയവയാണ് ഇതിൽ ഉൾപ്പെടുത്തിയിരിയ്ക്കുന്നത്. പൊതുമരാമത്ത് വകുപ്പ് ഡിസൈൻ യൂണിറ്റ് 'Tentative Structural Design' തയ്യാറാക്കിയിട്ടുണ്ട്. ആയതിൻ പ്രകാരം സാങ്കേതികാനുമതിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |
| (സി) | പദ്ധതി എന്ന് പൂർത്തിയാക്കാനാകും എന്ന് വിശദമാക്കാമോ? | (സി) | ഒന്നാം ഘട്ട പ്രവൃത്തി 2025 മാർച്ചോടു കൂടിയും രണ്ടാം ഘട്ട പ്രവൃത്തി 2026 മാർച്ചോടു കൂടിയും പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ